ഉദ്യോഗസ്ഥർ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും ചർച്ചകളിലൂടെ തർക്കങ്ങൾ പരിഹരിക്കുകയും ചെയ്യുന്നു. പരിഹരിക്കാൻ കഴിയാത്ത തർക്കങ്ങൾ തൊഴിൽ കോടതിയുടെ തീർപ്പിന് വിടുന്നു. ഇതിനുപുറമേ സംസ്ഥാന തലത്തിൽ വ്യാവസായികാടിസ്ഥാനത്തിലുണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ തൊഴിലാളി-മുതലാളി പ്രതിനിധികളടങ്ങുന്ന ഒരു വ്യവസായബന്ധസമിതിയും പ്രവർത്തിച്ചുവരുന്നു.

(ഡി) എറണാകുളം മാർക്കറ്റ് ഏരിയായിലെ തൊഴിലാളികളും മർച്ചന്റ് യൂണിയനും തമ്മിലുണ്ടായ തൊഴിൽ തർക്കം ജില്ലാ കളക്ടറുടെയും, സിറ്റി പോലീസ് കമ്മീഷണറുടെയും, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടേയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ 17 ½ % വേതന വർദ്ധനവ് അംഗീകരിച്ചുകൊണ്ട് പരിഹരിച്ചു. ചാലയിൽ സഭാപതി കോവിൽ തെരുവിലെ ഗ്രെയിൻസ് മർച്ചന്റ്സും ചുമട്ടുതൊഴിലാളികളും തമ്മിൽ അറ്റാച്ച്ഡ് ഹെഡ്‌ലോഡ് വർക്കറുടെ നിയമനം സംബന്ധിച്ച് ഉണ്ടായ തൊഴിൽ തർക്കത്തിൽ മർച്ചന്റ്സ് ഭാരവാഹികളും ട്രേഡ് യൂണിയൻ നേതാക്കളും ലേബർ കമ്മീഷണർ തലത്തിലും ജില്ലാ ലേബർ കമ്മീഷണർ തലത്തിലും നിരവധി ചർച്ചകൾ നടത്തുകയുണ്ടായി. എന്നാൽ അവർ തമ്മിൽ ഒരു ഉഭയകക്ഷി ഉടമ്പടി ഉണ്ടാക്കിയതായി അറിയുവാൻ കഴിഞ്ഞു. കാര്യവട്ടത്ത് പ്രമാദമായ തൊഴിൽ തർക്കങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തൊഴിൽ വകുപ്പിലെ ഒഴിവുകൾ

58(265) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിൽ 1969 മേയ് മാസം മുതൽ 1990 ഡിസംബർ മാസം വരെ യു.ഡി.ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികകളിൽ ഒഴിവുണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ടെസ്റ്റ് പാസ്സായവരിൽ നിന്നും ഈ ഒഴിവുകളിലേയ്ക്ക് യഥാസമയം നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര പേരെ പ്രമോട്ടു ചെയ്തിട്ടുണ്ട് ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) യഥാസമയം അർഹരായവർക്ക് പ്രമോഷൻ നൽകാതെ കാലതാമസം വരുത്തി പിന്നീട് യോഗ്യത നേടിയവർക്ക് പ്രമോഷൻ നൽകി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് അന്വേഷിക്കുമോ ;

(എഫ്) സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ; ഇതിനായി സെക്രട്ടേറിയറ്റിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

	തസ്തിക	ഒഴിവുകളുടെ എണ്ണം
1.	യു.ഡി. ക്ലാർക്ക്	20
2.	ഹെഡ് ക്ലാർക്ക്	7
3.	അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II	48

(സി) ഉണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

തസ്തിക	പ്രമോട്ടു ചെയ്തവരുടെ എണ്ണം
യു.ഡി.ക്ലാർക്ക്	20
ഹെഡ് ക്ലാർക്ക്	7
അസിസ്റ്റൻറ് ലേബർ ഓഫീസർ	ആകെയുള്ള 48 അസിസ്റ്റന്റ് ലേബർ ഓഫീസറുടെ ഒഴിവുകളിൽ പ്രമോഷന് അർഹത നേടിയിരുന്ന 15 യു.ഡി.ക്ലാർക്കുമാരെ തസ്തികമാറ്റം മുഖേന രണ്ടാംഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. ബാക്കിയുള്ള 33 പേരെ പി.എസ്.സി.യിൽ നിന്നും നേരിട്ട് നിയമിച്ചു.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉണ്ട്. പരാതികളെപ്പറ്റി അന്വേഷിച്ചു വരുന്നു.

(എഫ്) പൂർണ്ണമായി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ല. 1-4-1986 മുതൽ 31-03-1993 വരെയുള്ള എൽ.ഡി.ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1-4-1986 മുതൽ 31-3-1993 വരെയുള്ള യു.ഡി.ക്ലാർക്ക്, ഹെഡ് ക്ലാർക്ക് എന്നിവരുടെ കരട് സീനിയോറിറ്റി ലിസ്റ്റ് ജീവനക്കാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അതിൻമേൽ ലഭിച്ച ആക്ഷേപങ്ങൾ പരിശോധനയിലാണ്. 1-3-1980 മുതൽ 31-12-1998 വരെയുള്ള അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 11-ന്റെ കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. സീനിയോറിറ്റി തർക്കങ്ങൾ സംബന്ധിച്ച പരാതികൾ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) പ്രൊവിഷണൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ജീവനക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള സീനിയോറിറ്റി തർക്കങ്ങൾ സംബന്ധിച്ച പരാതികൾ പരിശോധിച്ചശേഷം ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സീനിയോറിറ്റി തർക്കം സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള ഒ.പി.കളും സീനിയോറിറ്റി ലിസ്റ്റ് ഫൈനലൈസ് ചെയ്യുന്നതിനെ ബാധിച്ചിട്ടുണ്ട്. സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി സെക്രട്ടറിയേറ്റിൽ സ്പെഷ്യൽ സെൽ രൂപീകരിക്കുന്നതിന്റെ ആവശ്യം ഉണ്ടെന്നുകരുതുന്നില്ല.

ഒഴിവുകൾ നികത്താൻ നടപടി

59(266) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗർക്കു വേണ്ടി ആരംഭിച്ച ആറ് സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ ഒഴിവുകളും പല ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരുടെയും ഓഫീസ് സ്റ്റാഫിന്റെയും ഒഴിവുകളും നികത്താതെ കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ നികത്താനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഡി.പി.സി. കൂടുന്നതിന് വകുപ്പ് തലത്തിൽ ഉണ്ടാകുന്ന കാലതാമസംമൂലം നിയമനം വൈകുന്നതുകൊണ്ട് സംഭവിക്കുന്ന ഓഫീസർമാരുടെ കുറവ് ഓഫീസുകളുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ഇ) ഡി.പി.സി. കൂടുന്നതിന് സമയപരിധി നിശ്ചയിച്ച് ഒഴിവുകൾ അടിയന്തിരമായി നികത്താൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ലോവർ ഡി.പി.സി. കൂടി തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്.

ക്ഷേമനിധി ആനുകൂല്യങ്ങൾ

60(267) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly